പതിനാലാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.20 04/06/2018-ൽ മറുപടിയ്ക്ക്

## സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

ചോദ്യം
ശ്രീ.ഇ.കെ.വിജയൻ

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ഗവ.യു.പി.സ്കൂളിലെ റിട്ടയേർഡ് അധ്യാപികയായ ശ്രീമതി രമണിയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയുടെ (R6/87603/2013/DPI) തൽസ്ഥിതി വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട്, കല്ലാച്ചി, ഗവ.യു.പി.സ്കൂളിലെ റിട്ടയേർഡ് പി.ഡി.ടീച്ചറായ ശ്രീമതി.കെ.രമണിയുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 25/05/2018-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. മേൽ പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്നും ശ്രീമതി.രമണി ചികിത്സയ്ക്ക് വിധേയയായിരുന്ന കൊച്ചിയിലെ ലക്ഷ്മി ആശുപത്രി സർക്കാർ ജീവനക്കാരുടേയും ആശ്രിതരുടേയും മെഡിക്കൽ റീഇമ്പേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ചത് 22/04/2013-ലെ സ.ഉ(പി)നം.144/2013/ആകുവ പ്രകാരമാണ്. എന്നാൽ 24/07/2010 മുതൽ 20/12/2012 വരെയുള്ള കാലയളവിലാണ് ടിയാൾ പ്രസ്തുത ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയയിരുന്നത്. ആയതിനാൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാരിന്റെ പ്രത്യേകാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുവിദ്യാഭ്യാസ (എൽ) വകുപ്പിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ